**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4019** **28-06-2024 - ൽ മറുപടിയ്ക്ക്**

**ശ്രുതി തരംഗം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ശ്രുതി തരംഗം പദ്ധതിയുടെ ഭാഗമായി കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി നടത്തിയ കുട്ടികളുടെ തുടർപരിപാലനത്തിനായി വകുപ്പ് സൗകര്യങ്ങൾ നൽകുന്നുണ്ടോ എന്നറിയിക്കാമോ; | (എ) | ഉണ്ട്. സർജറിക്ക് ശേഷം ഓരോ ഗുണഭോക്താവിനും 140 ഓഡിറ്ററി വെർബൽ ഹാബിലിറ്റേഷൻ തെറാപ്പി സെക്ഷനുകൾ ആശുപത്രികളിൽ നിന്നും നൽകുന്നു, കോക്ലിയാർ ഇമ്പ്ലാൻറ് ഉപകരണങ്ങളുടെ ബന്ധപ്പെട്ട അറ്റകുറ്റപ്പണികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ചെയ്തു നൽകുന്നു. ഇതിനായി ഒരു ഗുണഭോക്താവിന് ഒരു സാമ്പത്തിക വർഷം 50,000/- രൂപ എന്ന കണക്കിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയ്ക്ക് ധനസഹായം നൽകി വരുന്നു. ഇത് കൂടാതെ ഗുണഭോക്താവിന് ഏകദേശം നാല് ലക്ഷം രൂപയ്ക്കടുത്ത് ചെലവ് വരുന്ന പ്രോസസർ അപ്ഡേഷൻ സേവനം പദ്ധതി മുഖാന്തിരം നൽകിവരുന്നുണ്ട്. സേവനങ്ങൾക്കായുള്ള അപേക്ഷകൾ ഗുണഭോക്താക്കൾക്ക് എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള ആശുപത്രികൾ മുഖാന്തിരം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് സമർപ്പിക്കാവുന്നതാണ്. |
| (ബി) | കോക്ലിയർ ഇംപ്ലാന്റേഷന്റെ ഭാഗമായി ഘടിപ്പിച്ച ഉപകരണങ്ങളുടെ അപ്ഡേഷനുകൾക്കും പരിപാലനത്തിനുമായി നിലവിൽ എന്തൊക്കെ സൗകര്യങ്ങളാണുള്ളത് എന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകാമോ? | (ബി) | ഉത്തരം (എ) പിരിവിൽ രേഖപ്പെടുത്തിയിരിക്കുന്നു |

സെക്ഷൻ ഓഫീസർ